9697
1/6/19

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഇടുക്കി ജില്ല- തമിഴ്നാട്ടിലെ പുതുക്കോട്ടയിൽ അതിശക്തമായി വീശിയ ഗജ ചുഴലിക്കാറ്റിൽ നാശനഷ്ടം സംഭവിച്ച സ്ഥലങ്ങളിലേയ്ക്ക് ഭക്ഷ്യ/ഭക്ഷ്യേതര സാമഗ്രികൾ കയറ്റി അയച്ച ഇനത്തിൽ ഉള്ള വാഹനവാടകയും സർക്കാർ വാഹനത്തിന് ഇന്ധനം നിറച്ച വകയിൽ ചെലവായ തുകയും - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

**സ.ഉ.(സാധാ)നം: 1364/2019/റവ.** **തിരുവനന്തപുരം, തീയതി,29/05/2019**

പരാമർശം:- - ഇടുക്കി ജില്ലാകളക്ടറുടെ 11/02/2019-ലെ DCIDK 8664/18/DM1 നം.കത്ത്.

**ഉത്തരവ്**

തമിഴ്നാട്ടിലെ പുതുക്കോട്ടയിൽ അതിശക്തമായി വീശിയ ഗജ ചുഴലിക്കാറ്റിൽ ദുരന്തമനുഭവിച്ചവർക്ക് സഹായമായി ഇടുക്കി കളക്ടറേറ്റ്, കട്ടപ്പന, ദേവികുളം എന്നീ സ്ഥലങ്ങളിൽ നിന്നും പുതുക്കോട്ടയിലേക്ക് ഭക്ഷ്യ/ഭക്ഷ്യേതര സാമഗ്രികൾ കയറ്റി അയച്ച ഇനത്തിൽ ഉള്ള വാഹനവാടകയും സർക്കാർ വാഹനത്തിന് ഇന്ധനം നിറച്ച വകയിൽ ചെലവായ തുകയും ചേർത്ത് 60434/-രൂപ (അറുപതിനായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശ പ്രകാരം ഇടുക്കി ജില്ലാകളക്ടർ അപേക്ഷിച്ചിരുന്നു.

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. ഇടുക്കി ജില്ലാകളക്ടർ സമർപ്പിച്ച ശുപാർശ പ്രകാരം പ്രസ്തുത ആവശ്യത്തിലേയ്ക്കായി ചെലവായ 60434/-രൂപ (അറുപതിനായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി ആവശ്യത്തിന് വേണ്ടിവരുന്ന 60434/-രൂപ (അറുപതിനായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ട് മുഖാന്തിരം ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.ടി.കെ,
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, ഇടുക്കി
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ